കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പനയം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 6 - 41 / 17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.
തീയതി : 06.02.2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനയം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :പനയം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനയം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.കെ.എൽ.എം.പി 6 -41 /17 തീയതി 06.02.2017

**കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-06-2016 മുതൽ 1-12-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.എം.ഗീത ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02-02-2016 മുതൽ 13-02-16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവീൻചന്ദ്രൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ശ്രീകുമാരി.റ്റി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷീബാകൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീമതി.ജൂഡിത്ത് വർഗീസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഡോ.രാജശേഖരൻ | 1-04-2015മുതൽ31-10-15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-15മുതൽ18-11-15 വരെ |
| പ്രസിഡന്റ് | ശ്രീമതി.കെ.ഷീല | 19-11-15മുതൽ31-03-16വരെ |
| സെക്രട്ടറി | ശ്രീ.എം.ബാബുരാജൻ | 1-04-15മുതൽ31-03-16വരെ |
| അസി.സെക്രട്ടറി | ശ്രീ.എസ്.വിജയകുമാർ | 1-04-15മുതൽ31-03-16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷിഓഫീസർ | ശ്രീ.എം.ഷറഫുദ്ദീൻ | 1-04-15 മുതൽ 31-03-16വരെ |
| അസി.എഞ്ചിനീയർ | ശ്രീ.എസ്.അപ്പൻ | 1-04-15 മുതൽ 28-06-15 വരെ |
| | ശ്രീ.വി.രാധാകൃഷ്ണൻ | 29-06-15മുതൽ 31-03-16വരെ |
| വെറ്റിനറി സർജൻ | ഡോ.എം.ബിന്ദു | 1-04-15 മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.നിഷാ.പി.ഹരി | 1-04-15 മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബി.എസ്.ഗീത | 1-04-15മുതൽ 13-07-15വരെ |
| | ഡോ.അനിതാ.ഒ | 14-07-15മുതൽ 31-03-16വരെ |
| വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | ശ്രീ.പി.ജെ.ഉണ്ണികൃഷ്ണൻ | 1-04-15 മുതൽ 31-03-16വരെ |
| | ശ്രീമതി.പി.ബിന്ദു | 1-04-15 മുതൽ 31-03-16വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സജീഷ് കുമാർ | 1-04-15 മുതൽ 30-09-15പൂർവ്വാഹ്നം വരെ |

| | | |
|---|---|---|
| | ശ്രീ.ബിജു | 30-09-15 അപരാഹ്നം മുതൽ 31-03-16വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.വിജയാംബിക | 1-04-15 മുതൽ 31-03-16വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രസന്നകുമാരി അമ്മ | 1-04-15 മുതൽ 31-03-16വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലേകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽനികുതി ഈടാക്കുന്നില്ല | 2-1 | |
| 13 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 2-2 | |
| 14 | പനയം പബ്ളിക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവ്- തുടർനടപടികൾ | 2-3 | |
| 15 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-4 | |
| 16 | മൊബൈൽ ടവറിന്റെ കെട്ടിട നികുതി ഈടാക്കുന്നില്ല | 2-5 | |
| 17 | കടമുറികൾ വാടക ഈടാക്കുന്നില്ല | 2-6 | |

| | | | |
|---|---|---|---|
| | ഭാഗം3 | | |
| 18 | ഒപ്പം ഒപ്പത്തിനൊപ്പം വിദ്യാഭ്യാസ പ്രോജക്ട് -അപാകതകൾ | 3-1 | |
| 19 | എൽ.എസ്.എസ്,യു.എസ്.എസ് പരീക്ഷകൾക്ക് പരിശീലനം നൽകിയത് സംബന്ധിച്ച് | 3-2 | |
| 20 | കന്നുകുട്ടി പരിപാലനം വിനിയോഗവിവരം ഇല്ല | 3-3 | |
| 21 | വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-4 | |
| 22 | വിനിയോഗ രേഖയില്ല 735593/- രൂപ തടസ്സപ്പെടുത്തുന്നു | 3-5 | |
| 23 | അനുബന്ധരേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-6 | |
| 24 | ഭൂമി വാങ്ങൽ- പാരമ്പര്യമായി ഭൂമി ലഭിക്കാനില്ലെന്ന രേഖയുടെ അഭാവത്തിൽ 2700000/-രൂപ തടസ്സപ്പെടുത്തുന്നു | 3-7 | |
| 25 | മരാമത്ത് പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു 152187/- രൂപ നഷ്ടം | 3-8 | |
| 26 | ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-9 | |
| 27 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-10 | |
| 28 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-11 | |
| | ഭാഗം 4 | | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |

| | | | |
|---|---|---|---|
| 37 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 | |



## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് /പുതുക്കിയ ബജറ്റ് 30/03/2015 തീയതിയിലെ പ്രത്യേക കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.16 | 30.7.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 09-12-16 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

1. വികസനഫണ്ട് ജനറൽ Rp31- ൽ 6475977/- രൂപയാണ്.
വരവിൽ 1622109/- രൂപ കൂടുതലായി ഉൾപ്പെട്ടിട്ടുണ്ട്.
2. വാർഷിക ധനകാര്യ പത്രികയിൽ ഇലക്ട്രിക്കൽ സ്റ്റോക്കിന്റെ മൂല്യം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ബാലൻസ് ഷീറ്റിലെ സ്റ്റോക്കിന്റെ നീക്കിയിരിപ്പിന്റെ മൂല്യം കൃത്യമല്ല.
3.എല്ലാ ആസ്തികളുടേയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4.ബജറ്റ് ഫംഗ്ഷൻ -ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാൻ കഴിയുന്ന വിധത്തിലല്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20162356 /- |
| വരവ് | 43250130 /- |
| ആകെ | 63412486 /- |
| ചെലവ് | 55192788 /- |
| നീക്കിയിരിപ്പ് | 8219698 /- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1384296 | 9657225 | 11041521 | 11041521 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2321791 | 3979500 | 6301291 | 6301291 | | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 735134 | 5490713 | 6725847 | 6725847 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 396714 | 2455043 | 2851757 | 2851757 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2283882 | 3548265 | 5832147 | 5832147 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3094085 | (-)6585 | 3087500 | 3087500 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 10149310 | 10149310 | 10148659 | 651 | 99.9 |
| ബി ഫണ്ട് | 0 | 25050359 | 25050359 | 25050359 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 55625628 | 150 | 39142807 | 17 | 1 | 89% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ:- ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം16.37 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3794941 | 2473141 | -1321800 | -34.83 |
| നികുതിയേതര വരവുകൾ | 1091113 | 1237747 | 146634 | +13.43 |
| മറ്റുവരവുകൾ | 6872357 | 9972882 | 3100525 | 45 |
| ആകെ | 11758411 | 13683770 | 1925359 | 16.37 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 383040 | 216 |
| കർഷകതൊഴിലാളി പെൻഷൻ | 899940 | 112 |
| വിധവാപെൻഷൻ | 10859520 | 1071 |
| വാർദ്ധക്യകാലപെൻഷൻ | 8609310 | 984 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3754955 | 349 |
| അവിവാഹിത പെൻഷൻ | 160640 | 17 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.12.16 തീയതിയിൽ 3.20 pm ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7613 /- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല , പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മറ്റ് രേഖകൾ സൂക്ഷിച്ചുവരുന്നു. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ വിവിധ ഇനങ്ങളിൽ നികുതി കുടിശ്ശികയുണ്ട്. വാടക പിരിക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02/11/2016 | 10/2016 മുതൽ 12 /16 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/09/2006 | 10/2000 മുതൽ 03/2006 വരെ | 06/11/2006 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി ഈടാക്കുന്നില്ല

2015-16 സാമ്പത്തിക വർഷത്തിൽ പെരിനാട് റെയിൽവേ സ്റ്റേഷനിലെ ജീവനക്കാരിൽ (ആകെ 35 പേരുടെ) തൊഴിൽ നികുതി ഒന്നാം അർദ്ധവർഷം ഈടാക്കിയിട്ടുണ്ട്.

എന്നാൽ രണ്ടാം അർദ്ധവർഷം 27പേരുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയത്. തൊഴിൽ നികുതി ഈടാക്കാനുള്ള 8 പേരുടെ വിവരങ്ങൾ താഴെപ്പറയുന്നു.

1.ശ്രീ. മോഹനനൻ (ടെക്നിക്കൽ)

2.ശ്രീ.മനോജ് (ടെക്നിക്കൽ)

3.ശ്രീ.സുദർശനൻ (ടെക്നിക്കൽ)

4.ശ്രീമതി. സുഷ. ബി (ടെക്നിക്കൽ സ്റ്റാഫ്)

5.ശ്രീ. രമ്യ.ജി (ടെക്നിക്കൽ)

6.ശ്രീ. റഹീം. ഇ (ടെക്നിക്കൽ)

7.ശ്രീ. സുശീലൻ. കെ (ടെക്നിക്കൽ)

8.ശ്രീ. പ്രഭാകരൻപിള്ള (ടെക്നിക്കൽ)

ടി വിഷയത്തെ സംബന്ധിച്ച് എ4-10/16നം.പ്രകാരം 25/02/16 ൽ പഞ്ചായത്തിൽ നിന്ന് ഡിവിഷണൽ മാനേജർ, സതേൺ റയിൽവേ, തിരുവനന്തപുരത്തിന് കത്ത് നൽകിയിട്ടുണ്ട്. ടി ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (നം-7)
റെയിൽവെ ഡിവിഷണൽ മാനേജർക്ക് ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. ടി ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-2 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.സർവീസ് കോർപ്പറേറ്റീവ് ബാങ്ക്, എൽറ്റിഡി. നം. ക്യൂ-1345, ചിറ്റയം

2.മാവേലി സ്റ്റോർ, പനയം

3.നീതി മെഡിക്കൽ സ്റ്റോർ

ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കാൻ വേണ്ടി സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.8) സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കി തനതു ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 2-3 മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2015-16 ലെ ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന യന്ത്രവൽകൃത സ്ഥാപനങ്ങൾ അപേക്ഷകളോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./കടമുറി നം. | വ്യക്തിയുടെപേര് | വ്യവസായം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 7/637 | അബ്ദുൾ അസീസ് | സാമിൽ |
| 2 | 7/215 | അബ്ദുൾഖാദർ | കാഷ്യൂഫാക്ടറി |
| 3 | 8/626,627 | നിസാറുദ്ദീൻ | സാമിൽ |
| 4 | 9/89 | കെ.ബാബുപിള്ള | സാമിൽ |
| 5 | 10/436 | ശ്രീറാം | സാമിൽ |
| 6 | 10/694 | വിജയൻ | ഹോളോബ്രിക്സ് |
| 7 | 11/309 | ഭദ്രൻ | സാമിൽ |
| 8 | 16/13 | തുളസീധരൻപിള്ള | സാമിൽ |

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറിന്റെ കെട്ടിടനികുതി ഈടാക്കുന്നില്ല

2015-16 വർഷത്തെ കെട്ടിടനികുതി അസസ് മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ രണ്ടാം വാർഡിൽ റിലയൻസ് ഇൻഫ്രാടെക് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ നികുതി അടവാക്കിയിട്ടില്ല. ആയതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18 ) ഒരുവർഷത്തേക്ക് 4000/-രൂപയായി നിശ്ചയിച്ചിട്ടുള്ളതാണെന്നും ടി തുക ഈടാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 കടമുറികൾക്ക് വാടക ഈടാക്കുന്നില്ല

പനയം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന കണ്ടച്ചിറ ഷോപ്പിങ് കോംപ്ലക്സിലെ ആറാം നമ്പർ കടമുറിയിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് നാളിതുവരെ വാടക ഈടാക്കിയിട്ടില്ല. 2014-15 ലെ ഓഡിറ്റ് റിപ്പോർട്ടിലും ടിവിഷയം പരാമർശിച്ചിരുന്നു. വാടക ഈടാക്കാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഒപ്പം ഒപ്പത്തിനൊപ്പം വിദ്യാഭ്യാസ പ്രോജക്ടിനായി തുക ചെലവഴിച്ചത്

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഒപ്പം ഒപ്പത്തിനൊപ്പം പ്രോജക്ടിനായി (പ്രോജക്ട് നം. S0152/16) വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് 120900 /-രൂപ വകയിരുത്തി. ആകെ ചെലവഴിച്ച തുക -96360 /- രൂപ

ഫസ്റ്റ് അലോട്ട്മെന്റ് -64200 /- രൂപ

ബിൽ നം. -2/16 /30/01/16

സെക്കന്റ് അലോട്ട്മെന്റ് -32160 /- രൂപ

ബിൽ നം-5/16/31/1/16

പ്രോജക്ടിൽ പരിശീലനം തദ്ദേശസ്വയംഭരണ സ്ഥാപനം നേരിട്ടോ /പരിശീലനസ്ഥാപനം മുഖേനയോ നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ. (എം എസ് )4/16 തസ്വഭവ 1/1/16 ഖ 111) പ്രകാരം വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും അദ്ധ്യാപക പരിശീലനം നൽകുന്നതിനും നിരവധി പരിപാടികൾ എസ്.എസ്.എ നടത്തിവരുന്നുണ്ട്. അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ എസ്.എസ്.എ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്. ഖണ്ഡിക 4 പ്രകാരം ഓണറേറിയമോ വേതനമോ കൂടാതെ സന്നദ്ധമനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അധ്യാപകർ, വിദ്യാസമ്പന്നരായ യുവതീയുവാക്കൾ എന്നിവരെ സംഘടിപ്പിച്ച് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാവുന്നതാണ്.

ഖണ്ഡിക 5 പ്രകാരം അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് മുന്നോടിയായി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. അദ്ധ്യാപകർ ഓണറേറിയമായി കൈപ്പറ്റിയ തുകയുടെ വിവരങ്ങളും പരിശീലനത്തിൽ പങ്കെടുത്തതിലൂടെ കൈപ്പറ്റിയ തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

ഗവ.എൽ.പി. എസ് പെരുമൺ

സിന്ധു എസ് .ആർ -1200 /- രൂപ (300X4 ദിവസം)
വിജയാംബിക -1200/-(300X4 ദിവസം)

സിന്ധു എസ്. ആർ – 1800 /-രൂപ (300X6 ദിവസം)

വിജയാംബിക -1800 /-രൂപ (300X6 ദിവസം)

എസ്. ആർ.കെ എസ്. റ്റി യു.പി.എസ്

സിന്ധു പി. എൻ -1200/-രൂപ (300X4 ദിവസം)

സിന്ധു പി. എൻ -1800/- രൂപ (300X6 ദിവസം)

ഗവ .എൽ.പി.എസ് പനയം നോർത്ത്

സിന്ധുകുമാരി.സി.എസ് -1200/- രൂപ (300X4 ദിവസം)

സിന്ധുകുമാരി.സി.എസ് – 1800/- രൂപ (300X6 ദിവസം)

എസ്.കെ വി.യു .പി.സ്കൂൾ ചെമ്മക്കാട്

എൻ .അനുരാജ് -1200/-രൂപ (300X4 ദിവസം)

താര.എസ് - 1800/- രൂപ (300X6 ദിവസം)

എസ്.എൻ.എം.കണ്ടച്ചിറ

ശശിലത.കെ -1200/-രൂപ (300X4 ദിവസം)
ജിഷ.കെ.എസ് -1200/-രൂപ (300X4 ദിവസം)

ശശിലത.കെ -1800/-രൂപ (300X6 ദിവസം)
ജിഷ.കെ.എസ് -1800/-രൂപ (300X6 ദിവസം)

ജി എച്ച്.എസ് പനയിൽ

ഗിരിജാകുമാരി -1200/-രൂപ (300X4 ദിവസം)
ലേഖാ റ്റി.എൽ -1200/-രൂപ (300X4 ദിവസം)

ഗിരിജാകുമാരി -1800/-രൂപ (300X6 ദിവസം)
ലേഖാ റ്റി. എൽ -1800/-രൂപ (300X6 ദിവസം)

5/9/15, 12/9/15, 19/9/15, 29/9/15 എന്നീ ദിവസങ്ങളിൽ 9 അദ്ധ്യാപകർക്ക് ദിവസം 300/-രൂപ വീതം 10800/- രൂപ നൽകിയിട്ടുണ്ട്. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി ഓണറേറിയമായി കൈപ്പറ്റിയ 27000/-രൂപ, പരിശീലനത്തിനായി കൈപ്പറ്റിയ 10800/-രൂപ എന്നിവ നിരാകരിക്കുന്നു.

## 3-2 എൽ എസ്എസ്, യു എസ് എസ് പരീക്ഷകൾക്ക് പരിശീലനം നല്കിയത് സംബന്ധിച്ച്

വികസന ഫണ്ട് -121502/- രൂപ (ബിൽനം.1 /30-1-16, ബിൽനം.4 /16/6-4-16)

സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 1, ഖണ്ഡിക 6.iii ൽ പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും അദ്ധ്യാപക പരിശീലനം ഉൾപ്പെടെ നിരവധി പരിപാടികൾ എസ്.എസ്.എ നടപ്പിലാക്കി വരുന്നതിനാൽ അത്തരം പരിപാടികൾ എസ്.എസ്.എ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഇതിന് വേണ്ടി പ്രത്യേകം പ്രോജക്ട് തയ്യാറാക്കി വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയഎൻക്വയറിക്ക് (നം.10 /7.12.16)നൽകിയ മറുപടി പര്യാപ്തമല്ല. ആയതിനാൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-3 കന്നുകുട്ടി പരിപാലനം വിനിയോഗ വിവരം ലഭ്യമാക്കിയില്ല

അടങ്കൽ - 8,00,000/- രൂപ ( വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം 2,00,000/- രൂപ, സംസ്ഥാനാവിഷ്കൃത പരിപാടി 2,00,000/- രൂപ, ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത് - 4,00,000 /-രൂപ)

2015-2016 സാമ്പത്തിക വർഷം വെറ്റിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതിയിൽ (S0008 /16) ബിൽ നം. 10/ 15 -16 /20.2.2016 പ്രകാരം വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 2,00,000/- രൂപ പിൻവലിച്ച് (DD No. 121964/ 20.12.2016) അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി സ്കീം, കൊല്ലം പേർക്ക് നല്കി. പ്രസ്തുത തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. വിനിയോഗവിവരം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/3.12.2016) മറുപടിയായി പദ്ധതി നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ

സാക്ഷ്യപത്രം ലഭ്യമാക്കുംവരെ 2,00,000 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

32 ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതമാണ് പദ്ധതി വിഹിതം വകയിരുത്തിയിരുന്നത്. കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ( പെരിനാട് ക്ഷീരസഹകരണസംഘം സെക്രട്ടറി ഹാജരാക്കിയത് ) പ്രകാരം 31 ഗുണഭോക്താക്കളാണ് ആനുകൂല്യം കൈപ്പറ്റുന്നത്. ശ്രീമതി. വിജയമ്മ, കുളങ്ങരവീട്, പാമ്പാലിൽ , വാർഡ് - 8 കാലിത്തീറ്റ വാങ്ങിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 25/13.12.2016) മറുപടിയിൽ പ്രസ്തുത ഗുണഭോക്താവ് ആകസ്മികമായുണ്ടായ കുടുംബ പ്രശ്നങ്ങൾ മൂലം പശുക്കളെ വിൽക്കേണ്ടി വന്നതിനാൽ പദ്ധതി ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ഈ ഗുണഭോക്താവിനായി ഒടുക്കിയ 6250/- രൂപ കാഫ്ഫീഡ് സബ്സിഡി സ്കീമിൽ നിന്നും തിരികെ വാങ്ങുകയോ തുടർവർഷത്തിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1. ഗുണഭോക്തൃ വിഹിതം ഗ്രാമ പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചത് TR7-A കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ആനുകൂല്യം കൈപ്പറ്റിയതിന്റെ കൃത്യത വ്യക്തമല്ല. ഉദാഹരണമായി മുട്ടഗ്രാമം ജനറൽ പദ്ധതിയിൽ (S0007/15-16) മുട്ടക്കോഴി വിതരണത്തിന്റെ കൈപ്പറ്റ് രസീത് പരിശോധിച്ചതിൽ ശ്രീമതി. താഹിറബീഗം, മമ്മൂട്ടി മൻസിൽ കണ്ടച്ചിറ, പെരിനാട് പി.ഒ, പനയം എന്ന പേരിലും ശ്രീമതി. താഹിറ, മമ്മൂട്ടി മൻസിൽ കണ്ടച്ചിറ, പെരിനാട് പി.ഒ, കൊല്ലം എന്ന പേരിലും കൈപ്പറ്റ് രസീത് കാണുന്നു. ഒരു ഗുണഭോക്താവിന് രണ്ടു പ്രാവശ്യം ആനുകൂല്യം നല്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 25/ 13.12.2016) മറുപടിയിൽ ഒരു പ്രാവശ്യമേ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളൂന്നും ഗുണഭോക്തൃവിഹിതം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ നിന്നും വിവരം വ്യക്തമാകുമെന്നും അറിയിച്ചിട്ടുണ്ട്. കറവപ്പശു വിതരണം പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നത് ഒരേ ഗുണഭോക്താവ് തന്നെ തുടർ വർഷങ്ങളിലും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് അനിവാര്യമായതിനാൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 735593 /- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ 735593 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഫണ്ട് | ബിൽ നമ്പർ / ചെക്ക് നമ്പർ/ തീയതി | തുക (രൂപ) | തുക നല്കിയതിന്റെ വിവരം |
|---|---|---|---|---|---|
| 1. | ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ - ജില്ലാ പഞ്ചായത്തിന് വിഹിതം നല്കൽ SO118/16 | വികസനഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1,00,000 /- രൂപ | 40/15-16/ 30.7.2015 | 1,00,000 /- | ഡിഡി നം. 122249/23.2.2016 സെക്രട്ടറി,ജില്ലാ പഞ്ചായത്ത് പേർക്ക് നല്കിയത് |
| 2. | മീഡിയാ ശ്രീ - പഞ്ചായത്ത് വിഹിതം നല്കൽ SO031/16 | വികസനഫണ്ട് പൊതുവിഭാഗം സാധാരണവിഹിതം - 65000 /- രൂപ | 24/15-16 / 30.9.2015 | 65000 /- | ഡിഡി നം. 242383/6.1.2016 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് മിഷൻ പേർക്ക് നല്കിയത് |
| 3. | പോസ്റ്റ് ഷിഫ്റ്റിംഗ് SO029/16 | വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം 1,70,126 /- രൂപ ചെലവ് -169293 /- രൂപ | 8/15-16 /10.8.2015 27/15-16 /26.9.2015 59/15-16 /28.3.2016 | 28986 /- 12446 /- 101991/- | അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ , കാഞ്ഞിരംകുഴി പേർക്ക് ഡിഡി.നം. 242387/6.10.15, 127516/ 4.4.2016 എന്നിവ പ്രകാരംഒടുക്കിയത് |
| | | | 23/15-16 /26.9.2015 | 25870 /- | അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ , പെരിനാട് പേർക്ക് ഡിഡി.നം. 242382 /6.10.15 |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രകാരം ഒടുക്കിയത് |
| 4. | എട്ട് അംഗനവാടികൾ വൈദ്യുതീകരണം<br>SO103/16 | വികസനഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>291500 /- രൂപ | 4/15-16 / 3.7.15 | 291500/- | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ സബ് ഡിവിഷൻ പേർക്ക് നല്കിയത്. (ഡിഡി.നം.<br>237126/17.7.2015) |
| 5. | പട്ടികജാതി കോളനികളിൽ / സങ്കേതങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ<br>SO166/16 | വികസനഫണ്ട് എസ് സി പി<br>117600 /- രൂപ<br>ചെലവ് -<br>109800 /- രൂപ | 49/15-16 /22.3.2016 | 78195 /- | അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ , കാഞ്ഞിരംകുഴി പേർക്ക് ഡിഡി.നം.125770 /24.3.2016 പ്രകാരം ഒടുക്കിയത് |
| | | | 52/15-16 / 22.3.2016 | 31605 /- | അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ , കുണ്ടറ പേർക്ക് ഡിഡി.നം.<br>125772/24.3.2016 പ്രകാരം ഒടുക്കിയത് |
| | | ആകെ | | 735593/- | |

## 3-6 അനുബന്ധ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാൽ 564021 /- രൂപയുടെ

ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ഫണ്ട് | ബിൽ നമ്പർ / ചെക്ക് നമ്പർ/ തീയതി | തുക (രൂപ) | ആവശ്യമായ രേഖ |
|---|---|---|---|---|---|
| 1. | കമ്പ്യൂട്ടർ നെറ്റ് വർക്കിംഗും ഇലക്ട്രിഫിക്കേഷനും SO108 /16 | വികസനഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ് 78,832/- രൂപ | 11/15-16 /9.8.2015<br>43/15-16 /29.2.2016 | 60715 /-<br>11906 /- | ജനറൽ മാനേജർ, കെൽട്രോൺ പേർക്ക് നല്കിയ തുകയുടെ കൈപ്പറ്റ് രസീത്. |
| 2. | പട്ടികജാതി കോളനികളിൽ/ സങ്കേതങ്ങളിൽ സ്ഥാപിച്ച സ്ട്രീറ്റ് ലൈൻ- ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് സ്ഥാപിക്കൽ SO167/16 | വികസനഫണ്ട് (എസ് സിപി) | 53/15-16/ 25.3.2016 | 491400/- | കെൽട്രോണിൽ നിന്നും വാങ്ങി സ്റ്റോക്കിലെടുത്ത 63 എൽഇഡി ലൈറ്റുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചതിന്റെ രേഖ ( ഓഡിറ്റ് അന്വേഷണം നം. 21 /9.2.2016<br>നുള്ള മറുപടിയിൽ എൽഇഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നിരവധി തവണ കെൽട്രോണിന് കത്ത് നല്കിയെങ്കിലും ഇൻവോയ്സ് ലഭിച്ചില്ലായെന്നും ഇൻവോയ്സ് ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ടിലുൾപ്പെടുത്തി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നുമാണ് പരാമർശിച്ചിട്ടുള്ളത് ) |
| | ആകെ | | | 564021/- | |

**3-7** ഭൂമി വാങ്ങൽ പാരമ്പര്യമായി ഭൂമി ലഭിക്കുവാൻ സാധ്യതയില്ലെന്ന രേഖയുടെ അഭാവത്തിൽ **27,00,000/-** രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയവരിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അവർക്ക് ഭർത്താവിന്റെ വീട്ടിൽ നിന്നും വസ്തു ലഭിക്കില്ല എന്ന സർട്ടിഫിക്കറ്റ് മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ.

1)പട്ടികജാതി വനിതകൾക്ക് ഭൂമി വാങ്ങൽ -പ്രോജക്ട് നം.15/16

| ക്രമ നം | ഗുണഭോക്താവിന്റെ വിവരം | ചെലവ് |
|---|---|---|
| 1 | ശ്രീമതി.ഇന്ദുലേഖ കിളിത്തട്ടുവിളവീട്, പാമ്പാലിൽ | ബിൽ നം.5/15-16/ 20-01-16 - 150000/- രൂപ |
| 2 | ശ്രീമതി.സൗമ്യാരതീഷ് മുകേഷ്ഭവനം, ചിറ്റയം | ബിൽ നം.6/15-16 /17-02-16, 225000/- രൂപ |
| 3 | ശ്രീമതി.പത്മിനി ജെ.ജെ.ഡെയിൽ, ചിറ്റയം | ബിൽ നം.8/15-16 /27-02-16, 675000/-രൂപ |
| 4 | ശ്രീമതി.ദേവകി.ബി തുണ്ടുവിളവീട് | ബിൽ നം. 13/15-16 /16-03-16, 450000/-രൂപ |
| 5 | ശ്രീമതി.ശ്യാമ ചിറവിളതെക്കതിൽ | ബിൽ നം.13/15-16 /16-03-16, 450000/- രൂപ |
| 6 | ശ്രീമതി.ധന്യ.എസ് ശശിമന്ദിരം | ബിൽ നം.15/15-16/ 29-03-16 225000/- രൂപ |

2)പട്ടികജാതി വനിതകൾക്ക് ഭൂമി വാങ്ങൽ-പ്രോജക്ട് നം.145/16 സ്പിൽഓവർ

| ക്രമ നം | ഗുണഭോക്താവിന്റെ വിശദാംശങ്ങൾ | ചെലവ് വിശദാംശങ്ങൾ |
|---|---|---|
| 1 | പത്മാക്ഷി.എൽ പണയിൽ പുത്തൻവീട്, ചെമ്മക്കാട് | ബിൽ നം.3/15-16 /11-12-15 150000/ - രൂപ |
| 2 | അംബിക ഗീതുഭവൻ, ചോനംചിറ | ബിൽ നം.4/15-16 /20-01-16 150000/- രൂപ |
| 3 | ലക്ഷ്മികുട്ടി ചൈത്രം, പനയം | ബിൽനം.12/15-16 /14-03-16 225000/- രൂപ |

മേൽ ഗുണഭോക്താക്കൾക്ക് അവരവരുടെ സ്ഥലങ്ങളിൽ സ്വന്തമായി ഭൂമിഇല്ലെന്നും പാരമ്പര്യമായി ലഭിക്കില്ലെന്നും അതത് വില്ലേജ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കിറ്റ് ഇല്ലാതെയാണ് ഭൂമി നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/15-16,dt.08-12-16) ഗുണഭോക്താക്കൾക്ക് പരമ്പരാഗതമായി ഭൂമി ലഭിക്കുവാൻ സാദ്ധ്യതയില്ലെന്ന് അവർ തന്നെ സാക്ഷ്യപത്രം നൽകിയിട്ടുണ്ട് എന്ന മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ ടി വിഷയം സംബന്ധിച്ച് അതത് വില്ലേജ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കിറ്റ് ഹാജരാക്കും വരെ 27,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 മരാമത്ത് പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു - 1,52,187/-രൂപ നഷ്ടം

2015 -16 ൽ ഗ്രാമപഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department, Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കരാറുകാർക്ക് / കൺവീനർമാർക്ക് ഫൈനൽ ബില്ല് തുക നൽകുകയും ചെയ്തിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rateന്റെ കൂടെ PWD ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം കൊല്ലം ജില്ലയ്ക്ക് 01.01.2015 മുതൽ ബാധകമായ Cost Index ആയ 1.4190 ചേർത്ത് 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് കരാറുകാർക്ക് 7756.68 /m3 ഉം ഗുണഭോക്തൃ കൺവീനർമാർക്ക് 6744.94 /m3 (15% കുറവ് )

ആണ്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പുറമേ തറ നിരപ്പാക്കി ഉറപ്പിക്കുന്നതിന് (Flooring, DSRCode:11.7) നൽകേണ്ട നിരക്കു കൂടി നൽകിയിരിക്കുന്നു. എം. ക്യൂബിന് 8172.30 /- രൂപ നിരക്കിൽ കരാറുകാർക്കും 7106.35 /- രൂപ നിരക്കിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്കും ഫൈനൽ ബില്ല് തയ്യാറാക്കി തുക

അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ടെണ്ടർ പ്രവൃത്തികൾ

| ക്രമ നം | പ്രൊജക്റ്റ് നം/ പേര്/ ഫണ്ടിനം/ അടങ്കൽ | കോൺട്രാക്ടറുടെ പേരും എം.ബുക്ക് നം. | പ്രവൃത്തി മൂല്യം, ബിൽ നം/ തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. (@8172.30/ m3) | 1:2:4 കോൺക്രീറ്റിനു നൽകേണ്ട തുക. (@ 7756/ m3)(രൂപ) | നഷ്ടം (രൂപ) |
|---|---|---|---|---|---|---|
| 1. | 63/16-ഇറച്ചിക്കോട്ട് തെക്കേറോഡ് കോൺക്രീറ്റിംഗ്-1,20000/-(പ്ലാൻ) | ശ്രീ.കെ.എസ്.രഘു – 15/16 | 119621/-രൂപ 12/23.09.15 | 5.80 -47,399.34 രൂപ | 44,984.80 | 2,415 |
| 2. | 101/16-തോട്ടത്തിൽ ഏല റോഡ് കോൺക്രീറ്റിംഗ്-1,50,000/-(പ്ലാൻ) | ശ്രീ.ഓമനക്കുട്ടൻ – 21/15-16 | 148742/-രൂപ 24/31.10.15 | 6.80-55,571.64 രൂപ | 52,745.35 | 2,826 |
| 3. | 95/16-കോവിൽമുക്ക് –മാർത്തോമ ചർച്ച് റോഡ്-4,50,000/-രൂപ (പ്ലാൻ) | ശ്രീ.ജി.മുരളീധരൻ -16/15-16 | 449646/-രൂപ 13/23.09.15 | 21.60-1,76,521.68 | 1,67,544.072 | 8,978 |
| 4. | 51/16-ഊപ്പൻകുളം കാപെക്സ് റോഡ് റീകോൺക്രീറ്റിംഗ്-1,50,000/-(മെ.ഫണ്ട് റോഡ്) | ശ്രീ.എൽ.കെ.ക്ലീറ്റസ്-18/15-16 | 1,48,757/-രൂപ 20/29.09.15 | 8.90-72,733.47 | 69034.36 | 3,699 |
| 5. | 90/16-പാമ്പാലിൽ ലക്ഷം വീട് നടപ്പാത -1,50,000/-രൂപ (എസ്.സി.പി) | ശ്രീ.ഗോപാലകൃഷ്ണപിള്ള -20/15-16 | 1,49,321/-രൂപ 26/31.10.15 | 7.244-59,200.14 | 56,189.31 | 3011 |
| 6. | 60/16-പാമ്പാലിൽ താമരക്കാട്ട് റോഡ് കോൺക്രീറ്റിംഗ് -1,90,000/-രൂപ (പ്ലാൻ) | ശ്രീ.സന്ദീപ് എസ്.പണിക്കർ – 26/15-16 | 1,89,464/രൂപ /27/31.10.15 | 9.20-75185.16 | 71,361.36 | 3824 |
| 7. | 50/16-ഇഞ്ചാണിമുക്ക് റേഷൻ ഷോപ്പ് ഓരിക്കരവിള റോഡ് | ശ്രീ.ജി.എസ്.പ്രദീപ്കുമാർ-25/16 | 2,99,739/-രൂപ /28/31.10.15 | 14.40-1,17,681.72 | 1,11,696 | 5986 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്-3,00,000/-(പ്ലാൻ) | | | | | |
| 8. | 98/16-പഴഞ്ഞിയിൽ താഴത്തിൽ പുത്തൻവീട് ഏലാ റോഡ് കോൺക്രീറ്റിംഗ് -1,75,000/-രൂപ (പ്ലാൻ) | ശ്രീ.അൻഷർ-24/15-16 | 1,74,843/-രൂപ /29/30.10.15 | 8.40-68,647.32 | 65,156 | 3491 |
| 9. | 102/16-വള്ളംകുന്നത്ത് മേത്തന്റ്യത്ത് റോഡ് കോൺക്രീറ്റിംഗ് -80000/-രൂപ (പ്ലാൻ) | ശ്രീ.ജി.എസ്.പ്രദീപ്കുമാർ /106/17 | 79,723/-രൂപ /41/26.12/15 | 3.85-31,463.35 | 29,863 | 1600 |
| 10. | 84/16-കരുന്തക്കൽ മൂന്നാംപടിഞ്ഞാറ്റതിൽ കായൽവാരം റോഡ് കോൺക്രീറ്റിംഗ്-4,50,000/-രൂപ (പ്ലാൻ) | ശ്രീ.എൻ.അനിൽകുമാർ – 84/16 | 4,49,836/-രൂപ /50/19.01.16 | 21.70-1,77,338.91 | 1,68,319.73 | 9019 |
| 11. | 58/16-ഇഞ്ചാണിമുക്ക് ഓരിക്കരവിള റോഡ് കോൺക്രീറ്റിംഗ് -1,50,000/-രൂപ (പ്ലാൻ) | ശ്രീ.ടി.ആർ.മഹാദേവൻ -36/15-16 | 1,49751/-രൂപ /31/28.11.15 | 7.22-59004 | 56,003 | 3001 |
| 12 | 45/16-ചാത്തിനാംകുളം മുല്ലശ്ശേരിൽ റോഡ് കോൺക്രീറ്റിംഗ്-85,000/-രൂപ (പ്ലാൻ) | ശ്രീ.ബാർണിസ് കോണി -29/15-16 | 81,708/-രൂപ /32/28.11.15 | 3.945-32,239.72 | 30,600 | 1640 |
| 13 | 80/16-തെക്കേവീട്ടിൽമുക്ക് കായൽവാരം റോഡ് കോൺക്രീറ്റിംഗ്-1,75,000/-രൂപ (പ്ലാൻ) | ശ്രീ.അനിൽകുമാർ എൻ.-27/15-16 | 1,74,242/-രൂപ /33/28.11.15 | 7.90-64,561.17 | 61,277.69 | 3283 |
| 14 | 105/16-ചെമ്മക്കാട് സാംസ്കാരിക നിലയം വായനശാല റോഡ് | ശ്രീ.ബേർണിസ് കോണി-30/15-16 | 1,49,527/-രൂപ /34/28.11.15 | 16-1,30,756.80 | 12,4106.72 | 6,650 |

| | | | | | | |
|---|---|---|---|---|---|---|
| | റീകോൺക്രീറ്റിംഗ്-1,50,000/-(എം.ജി.ആർ) | | | | | |
| 15 | 81/16-അംഗൻവാടി 40-കയർ സംഘം റോഡ് കോൺക്രീറ്റിംഗ് -1,00,000/-രൂപ (എം.ജി.ആർ) | ശ്രീ.അനിൽകുമാർ എൻ.-33/15-16 | 98,413/-രൂപ-35/28.11.15 | 5.322-43,492.98 | 41,280.99 | 2212 |
| 16 | 88/16-കുറ്റിവിള വടക്കതിൽകിരാലികുന്ന് റോഡ് കോൺക്രീറ്റിംഗ്-1,50,000/-(എം.ജി.ആർ) | ശ്രീ.ജി.എസ്.പ്രദീപ്കുമാർ-40/16 | 1,49,673/-രൂപ-37/26.11.15 | 7.22-59004 | 56,003 | 3001 |
| 17 | 115/16-ആശാരിവടക്കതിൽ മക്കാട്ട് നടപ്പാത കോൺക്രീറ്റിംഗ്-1,50,000/-രൂപ(ഫി.കമ്മീഷൻ) | ശ്രീ.എസ്.ബാബുരാജ്-19/15-16 | 1,49,589/-രൂപ-21/29.9.15 | 7.26-59,330.90 | 56,313.42 | 3017 |
| 18. | 99/16-ചിറ്റയം ശിവക്ഷേത്രം റോഡ് റീകോൺക്രീറ്റിംഗ്-3,50,000/-(എം.ജി.ആർ) | ശ്രീ.ടി.ആർ.മഹാദേവൻ -59/15-16 | 3,49,950/-രൂപ-53/21.11.15 | 17.60-143,832.48 | 1,36,517.39 | 7315 |
| 19. | 116/16-മക്കാട്ട് പെരുമൺ എൽ.പി.എസ്.റോഡ് കോൺക്രീറ്റിംഗ്-3,00,000/-(ധനകാര്യ കമ്മീഷൻ) | ശ്രീ.വി.അനിൽകുമാർ-60/16 | 2,99,527/-രൂപ 57/29.01.16 | 14.30-1,16863.89 | 1,10,920.38 | 5944 |
| | | | | ആകെ | | 80,912/ |

2.ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ പ്രവൃത്തികൾ

| ക്രമ നം | പ്രൊജക്ട് നം/ പേര്/ ഫണ്ടിനം/ അടങ്കൽ | കൺവീനറുടെ പേരും എം.ബുക്ക് നം. | പ്രവൃത്തി മൂല്യം, ബിൽ നം/ തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. | 1:2:4 കോൺക്രീറ്റിനു നൽകേണ്ട തുക. (@ 6744.94/ m3) | നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (@7106.35/ m3) | | |
| 1. | 100/16-സുകുമാരവിലാസം റോഡ് കോൺക്രീറ്റിംഗ്-1,20,000/-രൂപ(പ്ലാൻ) | ശ്രീമതി.സുമംഗല ഗോപാലൻ-41/16 | 1,19,410/-രൂപ /-36/26.12.15 | 5.473-38,893.05 | 36,915.05 | 1978 |
| 2 | 66/16-ചെറുവള്ളിൽ ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്-4,50,000/-രൂപ (പ്ലാൻ) | ശ്രീ.രാധാകൃഷ്ണപിള്ള -34/15-16 | 4,46,078/-രൂപ /47/301.12.15 | 23.343-1,65,883.53 | 1,57,447.13 | 8436 |
| 3 | 91/16-പാമ്പാലിൽ മതിന്നൂർ മുക്ക് കണ്ടച്ചിറ റോഡ്-4,50,000/-(പ്ലാൻ) | ശ്രീ.എ.കുട്ടൻപിള്ള -14/15-16 | 4,42,560/-രൂപ /9/11.09.15 | 5-35,531.75 | 33,724.70 | 1807 |
| 4 | 117/16-വികെ.റോഡ് പുല്ലുവലച്ചിറ റോഡ് കോൺക്രീറ്റിംഗ് -2,00,000/-രൂപ (ഫിൻ.കമ്മീഷൻ) | ശ്രീ.ശശിധരൻ പിള്ള -10/15-16 | 1,98,410/-രൂപ /10/23.09.15 | 9.703-68,952.91 | 65,446.15 | 3507 |
| 5. | 97/16-മാക്രിയില്ലാകുളം തറവട്ടത്ത് റോഡ് കോൺക്രീറ്റിംഗ്-1,50,000/-(എസ്.സി.പി) | ശ്രീ.ആറോഷ് പുഷ്പൻ-9/15-16 | 1,50,000/-രൂപ /6/20.8.15 | 7.35-52,231.67 | 49,575.31 | 2656 |
| 6. | 67/16-കണ്ടച്ചിറ ശംഖുതുരത്തിൽ റോഡ് കോൺക്രീറ്റിംഗ്-4,50,000/-രൂപ (പ്ലാൻ) | ശ്രീ ജസീംമോൻ-8/15-16 | 4,49,944/-രൂപ /7/15-20.8.15 & 15/23.09.15 | 12.75-90,605.96 | 85,997.98 | 4,608 |
| 7. | 69/16-കാട്ടിച്ചേരി പാവൂർ ഏലാ റോഡ് കോൺക്രീറ്റിംഗ്-1,50,000/-(പ്ലാൻ) | ശ്രീ.കെ.എസ്.രഘു-12/16 | 1,46,465/-16 /23.09.15 | 5.839-41,493.98 | 39,383.70 | 2110 |
| 8. | 70/16-കാട്ടിച്ചേരികുളം ഈസ്റ്റ് റോഡ് കോൺക്രീറ്റിംഗ്-3,30,000/-(പ്ലാൻ) | ശ്രീ.രാധാകൃഷ്ണപിള്ള-6/16 | 3,28,884/-14 /23.09.15 | 16.40-1,16544.14 | 1,10617 | 5927 |

| | | | | | | |
|---|---|---|---|---|---|---|
| 9. | 52/16-പൂവങ്ങൽ കണ്ണമത്ത് പനയം ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്-4,50,000/-(പ്ലാൻ) | ശ്രീ.വി.മോഹനൻ -4/15-16 | 4,48,129/-2 /03.07.15 | 23.45-1,66,643.91 | 1,58,168.84 | 8475 |
| 10 | 75/16-വള്ളംകുന്നത്ത് ജയന്തി കോളനി പുല്ലൻപ്ലാവിൻത്തോട്ടം റോഡ് റീകോൺക്രീറ്റിംഗ്-2,00000/-രൂപ (എം.ജി.ആർ) | ശ്രീ.ബാലകൃഷ്ണപിള്ള-44/15-16 | 1,98,973/-38 /26.12.15 | 17.50-1,24,361.13 | 1,18,036.45 | 6325 |
| 11 | 68/16-കണ്ണങ്കര ഇരുപറത്തോട്ടം റോഡ് കോൺക്രീറ്റിംഗ്-4,50,000/-(വികസന) | ശ്രീ.ബാലകൃഷ്ണപിള്ള -56/15-16 | 4,50,000/-54 /21.01.16 | 22.70-1,61,314.15 | 1,53,110.13 | 8204 |
| 12 | 71/16-കോളാത്ത് ഇറക്കം പാലിയഴികത്ത് തോട്ടം റോഡ് കോൺക്രീറ്റിംഗ്-3,50,000/-(എം.ജി.ആർ) | ശ്രീ.കെ.സുധാകരൻ-13/15-16 | 3,49,938/-17,30/15-16 23.9.15/30.10.15 | 36-2,55,828.60 | 2,42,817.84 | 13,011 |
| 13 | 119/16-എം.എസ്.എം. റോഡ് മഞ്ഞികളങ്ങര കായൽവാരം റോഡ് കോൺക്രീറ്റിംഗ്-2,50,000/-(ഫിൻ.കമ്മീഷൻ) | ശ്രീ.ആർ.സുജിത്ത് -11/15-16 | 2,47,261/-22 /15-16/31.10.15 | 11.706-83,186.93 | 78,956.26 | 4231 |
| | | | | | ആകെ തുക | 71,275/- |

കൂടിയ നിരക്ക് അനുവദിച്ചതുനിമിത്തം ആകെ 1,52,187/-രൂപ (80,912 + 71,275 രൂപ) നഷ്ടമായി തിട്ടപ്പെടുത്തുന്നു. ആയത് കരാറുകാരിൽ നിന്നും കൺവീനർമാരിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കാൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർ, ബ്ലോക്ക്തല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ -സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത്

നടത്തിയിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിയ്ക്കാതെ പണികൾ നടത്തിയതിനാൽ പ്രവൃത്തികളുടെ നിവ്വഹണത്തിൽ സുതാര്യത, ഗുണമേന്മ എന്നിവ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു. കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1)പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന നടത്തുന്നില്ല

ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേനയാണ്, നടത്തുന്ന പ്രവൃത്തിയുടെ എല്ലാ ചെലവുകളും നിർവ്വഹിക്കേണ്ടത്. അക്കൗണ്ട് തുടങ്ങുന്നതിനുള്ള നാമമാത്ര തുകയും മൂല്യനിർണ്ണയതുകയും മാത്രമാണ് ബാങ്ക് പാസ് ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽത്തന്നെ ലക്ഷക്കണക്കിന് രൂപയുടെ സാധനസാമഗ്രികൾ ക്യാഷ് അടിസ്ഥാനത്തിൽ വാങ്ങിയ ഇടപാടുകളിലെ സുതാര്യത ബോധ്യപ്പെടുന്നില്ല.

2)രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

പ്രവൃത്തികളുടെ ബില്ലുകൾ എല്ലാം നിയമാനുസൃതമല്ല (സാധുതയുള്ള മെറ്റീരിയൽ ബില്ലുകൾക്ക് പകരം വെള്ള പേപ്പറിൽ വൻ തുകയ്ക്കുള്ള കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നു). എല്ലാ സാധന സാമഗ്രികളും അംഗീകൃത ഡീലറിൽ നിന്നും വാങ്ങുന്നില്ല.

3) കരാറുകാരൻ തന്നെ ഗുണഭോക്തൃ സമിതി കൺവീനർ ആയി പ്രവൃത്തികൾ നടത്തി

ശ്രീ.കെ.എസ്.രഘു, കുട്ടിയാനഴികത്ത്, അമ്പഴവയൽ, പെരിനാട് എന്ന വ്യക്തി സർക്കാർ അംഗീകൃത കരാറുകാരൻ ആണ് (ടിൻ നം.32021696226). ടിയാൻ 2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ തന്നെ മരാമത്ത് പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട് (പ്രൊജക്ട് നം.111/16- കോളാത്തിറക്കം ട്രാൻസ്ഫോർമർ റാങ്ങേലത്ത് ഓട നിർമ്മാണം -മൂല്യനിർണ്ണയം -3,49767/-രൂപ). ടിയാൻ ഗുണഭോക്തൃസമിതി കൺവീനറായി താഴെ രേഖപ്പെടുത്തിയ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

(a)പ്രൊജക്ട് നം. 64/16 -ആക്കൽമുക്ക് വാഴങ്ങൽ റോഡ് ഐറിഷ് ഡ്രയിൻ -മൂല്യനിർണ്ണയ തുക-1,41,158/-രൂപ

(b)പ്രൊജക്ട് നം. 65/16 -ചെറുവള്ളിൽ ക്ഷേത്രം കറ്റാനഴികത്ത് റോഡ് സൈഡ് പ്രൊട്ടക്ഷൻ വർക്ക് – മൂല്യനിർണ്ണയ തുക -3,27,426/- രൂപ

കരാറുകാരനെ തന്നെ ഗുണഭോക്തൃ സമിതി കൺവീനറായി ചുമതലപ്പെടുത്തി പ്രവൃത്തി നടത്തിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. പ്രവൃത്തികൾ നിർവ്വഹിച്ച ഗുണഭോക്തൃ സമിതികൾ, അംഗീകൃത ഏജൻസികൾ / ഡീലർമാരിൽ നിന്നും അല്ലാതെ വാങ്ങുന്ന നിർമ്മാണസാമഗ്രികളുടെ നികുതി ഇനത്തിലെ വരുമാനം സർക്കാരിന് നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും, സാമ്പത്തിക വ്യവസ്ഥിതിയിൽ കള്ളപണത്തിന്റെ ഭാഗമാക്കുന്നതിന് സർക്കാർ ഫണ്ട് തന്നെ നിമിത്തമാകുന്ന സാഹചര്യവും സൃഷ്ടിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ, മതിയായതും നിയമം അനുശാസിക്കുന്നതുമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെയും മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെയും ഗുണഭോക്തൃസമിതി കൺവീനർമാർക്ക് തുക അനുവദിച്ചത് മേലധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-10 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

1.മരുന്ന് വാങ്ങൽ -സർക്കാർ നിർദ്ദേശം പാലിയ്ക്കാതെ മരുന്ന് വാങ്ങി – 1,00,000 /- രൂപ തടസ്സപ്പെടുത്തുന്നു
പ്രോജക്ട് നം. : 41/16
അടങ്കൽ : 1,00,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)
ചെലവ് : 1,00,000/- രൂപ (ബിൽ നം. 4/15-16 / 31.10.2015)
ഡിഡി നമ്പർ – 246003/03.12.15

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരുന്ന് വാങ്ങൾ പ്രോജക്ടിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ കേരള സ്റ്റേറ്റ് സിവിൽസപ്ലൈസ് കൊർപ്പറേഷനിൽ നിന്നും നേരിട്ട് മരുന്ന് വാങ്ങി. അലോപ്പതി മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമെ വാങ്ങാൻ പാടുള്ളൂവെന്ന് സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)4/2016 തസ്വഭ 11.1.2016-ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി നടത്തിയ ചെലവ് തുകയായ 1,00,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

2. പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ SIDCO- യിൽ നിന്നും നേരിട്ട് വാങ്ങൽ -45,730/-രൂപ തടസ്സപ്പെടുത്തുന്നു
പ്രോജക്ട് നം. 42/16
അടങ്കൽ -4,00,000/-രൂപ(വികസന ഫണ്ട്)
1)ബിൽ നമ്പർ 3/15-16/31.10.15 പ്രകാരം 1,70,000/- രൂപ പാലിയേറ്റീവ് കെയർ പ്രോജക്ടിനായി പിൻവലിച്ചതിൽ 35,150/- രൂപ ചെലവഴിച്ച് 8 വാട്ടർ ബെഡുകൾ, 10 കൊമ്മോട് ചെയർ, 2 വീൽ ചെയർ എന്നിവ വാങ്ങി.
2)ബിൽ നമ്പർ 7/15-16/29.03.16 പ്രകാരം 50,000/- രൂപ പിൻവലിച്ച് 10,580/- രൂപയ്ക്ക് 5 വാട്ടർ ബെഡുകൾ, 5 പ്ലാസ്റ്റിക്ക് ചെയറുകൾ എന്നിവ വാങ്ങി.
ടെണ്ടർ കൂടാതെ SIDCO യിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ലാത്തതിനാൽ 45,730/- രൂപ (35,150 +10,580 രൂപ) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-11 ദേശീയ തൊഴിലുറപ്പ് പദ്ധതി

2015-16 സാമ്പത്തിക വർഷത്തിൽ 1210 കുടുംബങ്ങൾക്കായി 52,704 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 102 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി. ആകെ 81,11,339 /-രൂപയുടെ ചെലവ് ഐ.എ.വൈ ഭവനനിർമ്മാണം /വ്യക്തിഗത പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.
1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.
2. മൂല്യനിർണ്ണയ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള മഴക്കുഴി, കിണർ റീചാർജ്ജിംഗ്,

തെങ്ങിൻതടങ്ങളുടെ എണ്ണം, എന്നിവ ഉപോൽബലകങ്ങളായ രേഖകളുടെ അഭാവത്തിൽ ബോധ്യപ്പെടുന്നില്ല.
3.ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയുടെ ഫോട്ടോകളിൽ പ്രോജക്ട് യോഗങ്ങൾ, പ്രവൃത്തി സൈറ്റുകളിൽ സ്ഥാപിച്ച ബോർഡ്, പ്രവൃത്തിയുടെ പുരോഗതി എന്നിവ വിലയിരുത്തുവാൻ പ്രാപ്തമല്ല.
4.ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതികളുടെ ഫയലുകളിൽ പ്രവൃത്തി നടത്തുന്നതിന്റെ ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും , ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടതായി ബോധ്യപ്പെടുന്നില്ല.
5.സൈറ്റ് ഡയറികളിലെ രേഖപ്പെടുത്തലുകൾ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് സഹായകരമല്ല.
6.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 28-11-15 | 2,00,000/- | കാലിത്തീറ്റ വിതരണം നം.16 | 2,00,000/- | |
| ബ്ളോക്ക് പഞ്ചായത്ത് | 29-03-16 | 4500 /- | നെൽകൃഷി വികസനം നം.18 | 4500 /- | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 2268/2010 dt.12-07-10 | 85,60,000/- | 1042242/- | 1042242/- | - | പലിശ 56538 /-മാത്രം |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3(10) | 2011-12 | 3.3.5 | അംഗൻവാടി കെട്ടിടം ബേബി ഫ്രണ്ടിലി ടോയ് ലെറ്റ് | നിയമസഭാസമിതിയുടെ പരിഗണനയിലാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63412486/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 55192788/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 196237/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4245344/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 37,800 /- | ശ്രീമതി.വിജയാംബിക,<br>ഹെഡ് മിസ്ട്രസ്സ് |
| 3-8 | | 1,52,187/- | ശ്രീ.വി.രാധാകൃഷ്ണൻ<br>അസി.എൻജിനീയർ<br>- 76094 /-രൂപ<br>ശ്രീമതി.ജീനാ .ജി.<br>അസി. എക്സി. എൻജിനീയർ<br>-76093/- രൂ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2,00,000/- | ഡോ. എം. ബിന്ദു, വെറ്റിനറി സർജൻ |
| 3-5 | 7,35,593/- | ശ്രീ. എം. ബാബുരാജൻ, സെക്രട്ടറി |
| 3-6 | 5,64,021/- | ശ്രീ. എം. ബാബുരാജൻ, സെക്രട്ടറി |
| 3-7 | 27,00,000/- | ശ്രീ.എസ്.വിജയകുമാർ, അസി.സെക്രട്ടറി |
| 3-10 | 4,57,30/- | ശ്രീമതി.നിഷ.പി.ഹരി<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.വിജയാംബിക, ഹെഡ്മിസ്ട്രസ്, പനയം | ഹെഡ് മിസ്ട്രസ്, പനയം | അജിത് ഭവനം, മങ്ങാട്.പി.ഓ |
| ശ്രീ.രാധാകൃഷ്ണൻ.വി അസി.എഞ്ചിനീയർ, പനയം | അസി.എഞ്ചിനീയർ, പനയം | പൌർണ്ണമി, മടന്തകോട്, നെല്ലിമുക്ക് പി.ഓ, കുഴമതിക്കാട് |
| ശ്രീമതി.ജി.ജീന അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചിററുമല ബ്ളോക്ക് | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചിററുമല ബ്ളോക്ക് | കൈലാസ്, ടോൾ ജംഗ്ഷൻ, അവനവൻചേരി, ഇളമ്പ, ആറ്റിങ്ങൽ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2000-01 | എൽഎഫ് ക്യൂ പി6 -1266/14/10-07-14 | - | |
| 2001-02 | എൽഎഫ് ക്യൂ പി6 -1266/14/10-07-14 | - | |
| 2002-03 | എൽഎഫ് ക്യൂ പി6 -1266/14/10-07-14 | 3 | |

| | | | |
|---|---|---|---|
| 2003-04 | എൽഎഫ് ക്യൂ പി6 -1266/14/17-07-14 | 1 | |
| 2004-05 | എൽഎഫ് ക്യൂ പി6 -1266/14 /17-07-14 | 1 | |
| 2005-06 | എൽഎഫ് ക്യൂ പി6 -1266/14 /17-07-14 | - | |
| 2006-07 | എൽഎഫ് ക്യൂ പി6 -1266/14 /1707-14 | 4 | |
| 2007-08 | എൽഎഫ് ക്യൂ പി6 -1266/14 /1707-14 | 2 | |
| 2008-09 | എൽഎഫ് ക്യൂ പി6 -1266/14 /1707-14 | 1 | |
| 2009-10 | എൽഎഫ് ക്യൂ പി6 -1266/14 /17-07-14 | 2 | |
| 2010-11 | എൽഎഫ് ക്യൂ പി6 -1266/14/17-07-14 | 3 | |
| 2011-12 | എൽഎഫ് ക്യൂ പി6 -870/14 /7-10-14 | 1 | |
| 2012-13 | കെഎസ്എ.കെഎൽ എം.P6-1248/14/10-03-15 | 11 | |
| 2013-14 | കെഎസ്എ.കെഎൽ എം.P6-40/16 /30-05-16 | 10 | |
| 2014-15 | കെഎസ്എ.കെഎൽ എം.P6-1144/16 /13-07-16 | 19 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## 4-10

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 – വകുപ്പ് 1994 ലെ കേരളാ പഞ്ചായത്തീരാജ് നിയമത്തിന്റെ 215 -വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്സാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പനയം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പനയം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.